കാറ്റഗറി നമ്പർ 517/2013 പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ) തസ്തികയുടെ ഒറ്റത്തവണ പ്രമാണ പരിശോധന 28.01.2016 മുതൽ 05.03.2016 വരെ തിരുവനന്തപുരം അസ്ഥാന ആഫീസ്, എറണാകുളം മേഖലാ ആഫീസ്, കോഴിക്കോട് മേഖലാ ആഫീസ് എന്നിവിടങ്ങളിൽ വച്ച് നടത്തുന്നു. ചുരുക്കപ്പട്ടികയിലുള്ള ഉദ്യോഗാർത്ഥികൾക്ക് പ്രൊഫൈലിലൂടെയും എസ്.എം.എസ് മുഖാന്തിരവും അറിയിപ്പ് നൽകിയിട്ടുണ്ട്. ഉദ്യോഗാർത്ഥികൾ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ച് ഒറ്റത്തവണ പ്രമാണ പരിശോധനയ്ക്ക് ഹാജരാകേണ്ടതാണ്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ) തസ്തികയുടെ OTR വേരിഫിക്കേഷൻ സംബന്ധിച്ച നിർദ്ദേശങ്ങൾ.

ചുവടെ പറയുന്ന അസ്സല് പ്രമാണങ്ങൾ Scan ചെയ്ത് വ്യക്തമായ image പ്രൊഫൈലില് നിശ്ചിത സ്ഥലങ്ങളിൽ upload ചെയ്തശേഷം വെരിഫിക്കേഷന് പങ്കെടുക്കേണ്ടതാണ്. അല്ലാത്തപക്ഷം യാതൊരു കാരണവശാലും അത്തരം ഉദ്യോഗാർത്ഥികളെ ഈ തെരഞ്ഞെടുപ്പിന്റെ തുടർ നടപടികളിൽ പങ്കെടുപ്പിക്കുന്നതല്ല.

1. അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ജനനതീയതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (SSLC )(Personal – Link – ൽ)

2. ഈ തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ ഉണ്ടെന്ന് തെളിയിക്കുന്ന പ്രമാണങ്ങൾ

യോഗ്യതകൾ:

അതായത്

(1) ഏതെങ്കിലും അംഗീകൃത യൂണിവേഴ്സിറ്റിയിൽനിന്നും ലഭിച്ച ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിലുള്ള ഡിഗ്രിയോ തത്തുല്യമായി അംഗീകരിച്ചിട്ടുള്ള മറ്റേതെങ്കിലും പരീക്ഷാ യോഗ്യതയോ

അല്ലെങ്കിൽ

(2) ഇലക്ട്രോണിക്സ് ആന്റ് ടെലികമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗിലുള്ള ഡിഗ്രിയോ തത്തുല്യമായി അംഗീകരിച്ചിട്ടുള്ള മറ്റേതെങ്കിലും ഡിഗ്രിയോ

അല്ലെങ്കിൽ

(3) ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിലെ എ.എം.ഐ.ഇ (ഇൻഡ്യ) എയും ബിയും വിഭാഗങ്ങൾ

അല്ലെങ്കിൽ

(4) ഇൻഡ്യയിലെ എഞ്ചിനീയേഴ്സ് ഇൻസ്റ്റിറ്റ്യൂഷനിൽ നിന്നും ലഭിച്ചിട്ടുള്ള അസ്സോസിയേറ്റ് മെമ്പർഷിപ്പ് ഡിപ്ലോമയോ(ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് തത്തുല്യമായി അംഗീകരിച്ചിട്ടുള്ള മറ്റേതെങ്കിലും ഡിപ്ലോമയോ)

3. തിരിച്ചറിയൽ രേഖ (വോട്ടേഴ്സ് ഐഡന്റിഫിക്കേഷൻ കാർഡ്, ഡ്രൈവിംഗ് ലൈസൻസ്, പാസ്പോർട്ട്, വികലാംഗർക്ക് സാമൂഹ്യക്ഷേമ വകുപ്പ് നല്കുന്ന തിരിച്ചറിയൽ കാർഡ്, ദേശസാല്കൃത ബാങ്ക് നല്കുന്ന ഫോട്ടോ പതിച്ച പാസ്ബുക്ക്, പാൻകാർഡ്, ആധാർ കാർഡ്, സർക്കാർ ഉദ്യോഗസ്ഥർക്ക് ബന്ധപ്പെട്ട വകുപ്പ് നല്കുന്ന തിരിച്ചറിയൽ കാർഡ്, കമ്മീഷൻ അംഗീകരിച്ച മറ്റ് തിരിച്ചറിയൽ രേഖകൾ)

4. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർ തഹസീൽദാറിൽ നിന്ന നേടിയ ജാതി സർട്ടിഫിക്കറ്റ്, സംവരണാനുകൂല്യത്തിന് അർഹതയുള്ള പിന്നോക്കവിഭാഗത്തിലെ അംഗമാണെങ്കിൽ 26/09/2009 - ലെ 81/2009/SCSTDD എന്ന സർക്കാർ ഉത്തരവ് പ്രകാരമുള്ള നോൺ ക്രീമിലയർ സർട്ടിഫിക്കറ്റ് (NCLC) ഹാജരാക്കേണ്ടതാണ്. ടി സർട്ടിഫിക്കറ്റുകളിൽ അതു നൽകുന്ന ഉദ്യോഗസ്ഥന്റെ പേര്, ഓഫീസ് മുദ്ര എന്നിവ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. (Documents Link – ൽ)

5 ഭിന്നശേഷി അവകാശപ്പെട്ടിട്ടുള്ളവർ മെഡിക്കൽബോർഡിൽ നിന്നു ലഭിച്ചിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് (Disability Certificate) ഹാജരാക്കേണ്ടതാണ്. അപ്രകാരം അംഗവൈകല്യം തെളിയിക്കാത്തപക്ഷം വികലാംഗർക്കുള്ള ആനുകൂല്യം ലഭിക്കുന്നതല്ല.

6.കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിലോ സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിലോ ജോലി നോക്കുന്ന ആളാണെങ്കിൽ മേലധികാരിയിൽ നിന്നും ഈ ജോലിക്ക് അപേക്ഷിക്കുന്നതിനുള്ള form of receipt ഗസറ്റ് വിജ്ഞാപനത്തിൽ നിർദ്ദേശിച്ചിരിക്കുന്ന മാതൃകയിൽ ഹാജരാക്കേണ്ടതാണ്.

*(Document Link – ൽ)*

കുറിപ്പ് *:-1.*ടി വെരിഫിക്കേഷന് ഹാജരാകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷ നിരസിക്കുന്നതാണ്. ആയതിനു നിരസന അറിയിപ്പ് നല്കുന്നതല്ല.

2.മേല്പറഞ്ഞ എല്ലാ സർട്ടിഫിക്കറ്റ്കളുടേയും Scanned image (വ്യക്തമായി കാണാവുന്ന തരത്തിൽ സ്കാൻ ചെയ്തത് ) One time Registration പ്രൊഫൈലിൽ വെരിഫിക്കേഷന് ഹാജരാകുന്നതിന് മുമ്പ് തന്നെ നിർബന്ധമായും Upload ചെയ്തിരിക്കേണ്ടതാണ്. അല്ലാത്തപക്ഷം OTR വെരിഫിക്കേഷന് പങ്കെടുപ്പിക്കുന്നതല്ല.

3.Month and year of Pass എന്നത് അവസാന വർഷത്തെ മാർക്ക് ലിസ്റ്റിന്റെ തീയതിയോ, സർട്ടിഫിക്കറ്റിന്റെ തീയതിയോ ആണ് നൽകിയിട്ടുള്ളതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ മാർക്കിന്റെ ശതമാനം കൃത്യമായി മാത്രം രേഖപ്പെടുത്തേണ്ടതാണ്.

4.ടി തസ്തികയ്ക്ക് വേണ്ടുന്ന യോഗ്യതകൾ ഉൾപ്പെടുത്തിയിട്ടുള്ള One time verification Certificate ഇതിനോടകം ലഭിച്ചിട്ടുള്ളവർ വീണ്ടും ഹാജരാകണ്ടതില്ല.